**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 840** **26-07-2021 - ൽ മറുപടിയ്ക്ക്**

**ഉറുദു അദ്ധ്യാപക തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഷാഫി പറമ്പിൽ** | | **Shri V Sivankutty**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | പാലക്കാട് ജില്ലയിൽ നിന്നും എസ്.എസ്.എൽ.സി. വരെ ഉറുദു ഒന്നാം ഭാഷ പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾക്ക് ഹയർ സെക്കണ്ടറി/ വി.എച്ച്.എസ്.സി. തലത്തിൽ ഉപഭാഷ ഉറുദു പഠിക്കുന്നതിന് അവസരം ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. പാലക്കാട് ജില്ലയിലെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഉറുദു ഭാഷ അനുവദിച്ചിട്ടില്ല. നിലവിലെ വ്യവസ്ഥകളനുസരിച്ച് ഒരു ഹയർ സെക്കണ്ടറി സ്കൂളിൽ അനുവദിക്കാവുന്ന പരമാവധി ഉപ ഭാഷകളുടെ എണ്ണം രണ്ടാണ്. പാലക്കാട് ജില്ലയിൽ ഉറുദു ഭാഷ അനുവദിക്കുന്നതിന് നിലവിൽ സ്കൂളുകളിൽ നിന്നും അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല. ആയത് ലഭിക്കുന്ന മുറയ്ക്ക് ടി വിഷയം പരിശോധിക്കുന്നതാണ്. വി.എച്ച്.എസ്.ഇ പാഠ്യപദ്ധതിയിൽ ഉപഭാഷ (Second Language) പഠിക്കുന്നത് നിഷ്കർഷിച്ചിട്ടില്ല. |
| (ബി) | ഇത് പരിഹരിക്കുന്നതിനായി ഹയർ സെക്കണ്ടറി/ വി.എച്ച്.എസ്.സി.യിൽ ഉറുദു അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | ഇല്ല. പാലക്കാട് ജില്ലയിലെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഉറുദു ഭാഷ അനുവദിച്ചിട്ടില്ല. നിലവിലെ വ്യവസ്ഥകളനുസരിച്ച് ഒരു ഹയർ സെക്കണ്ടറി സ്കൂളിൽ അനുവദിക്കാവുന്ന പരമാവധി ഉപ ഭാഷകളുടെ എണ്ണം രണ്ടാണ്. പാലക്കാട് ജില്ലയിൽ ഉറുദു ഭാഷ അനുവദിക്കുന്നതിന് നിലവിൽ സ്കൂളുകളിൽ നിന്നും അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല. ആയത് ലഭിക്കുന്ന മുറയ്ക്ക് ടി വിഷയം പരിശോധിക്കുന്നതാണ്. വി.എച്ച്.എസ്.ഇ പാഠ്യപദ്ധതിയിൽ ഉപഭാഷ (Second Language) പഠിക്കുന്നത് നിഷ്കർഷിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ